**കേരള സർക്കാർ**

**"ഭരണഭാഷ – മാതൃഭാഷ"**

നം : DFTVM/3074/2024-J1

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:23-11-2024
ഇ-മെയിൽ :fisheriesdirector@gmail.com

**<u>സർക്കുലർ</u>**

വിഷയം :- ഫിഷറീസ് - ജീവനക്കാര്യം – വകുപ്പിൽ വിവിധ സേവനങ്ങൾക്കായി/ ആവശ്യങ്ങൾക്കായി എത്തുന്ന മത്സ്യത്തൊഴിലാളികൾ / പൊതുജനങ്ങൾ എന്നിവരോട് ഇടപെടുന്നത് - മാർഗനിർദേശങ്ങൾ - സംബന്ധിച്ച്.

സംസ്ഥാനത്ത് അഴിമതിരഹിതവും കാര്യക്ഷമവും സുതാര്യവും ഉത്തരവാദിത്തത്തോടും കൂടിയുള്ള സിവിൽ സർവീസ് നടപ്പാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിനായി പൊതു ജനങ്ങൾക്ക് ജീവനക്കാരിൽ നിന്നും മികച്ച സേവനം ലഭ്യമാക്കേണ്ടതുണ്ട്. ഫിഷറീസ് വകുപ്പ് മത്സ്യതൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന വകുപ്പ് ആണ്. വിവിധ സേവനങ്ങൾ/ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിലും, വകുപ്പിന് കീഴിലുള്ള വിവിധ കാര്യാലയങ്ങളിൽ എത്തുന്ന മത്സ്യത്തൊഴിലാളികൾക്ക്/പൊതുജനങ്ങൾക്ക് ജീവനക്കാരിൽ നിന്ന് മികച്ച സേവനം ലഭ്യമാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ ചുവടെ പറയും പ്രകാരമുള്ള നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ് .

1. അപേക്ഷ /പരാതിയുമായി എത്തുന്ന മത്സ്യത്തൊഴിലാളികളോട്/ പൊതുജനങ്ങളോട് മാന്യമായി ഇടപെടേണ്ടതാണ് .
2. അന്വേഷണങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കൃത്യമായ മറുപടി നൽകേണ്ടതാണ് .
3. പരാതികൾക്കുള്ള മറുപടി നൽകുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ് . വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം ലഭ്യമായവ നൽകുന്നതിനു ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ് .

4. ഔദ്യോഗിക കൃത്യ നിർവഹണത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും അവരുടെ ഓഫീസ് തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കേണ്ടതാണ്.
5. ഓഫീസിലെ ഉദ്യോഗസ്ഥർക്കെതിരെ മത്സ്യത്തൊഴിലാളി/ പൊതുജനങ്ങളിൽ നിന്നും പരാതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്മേൽ ബന്ധപ്പെട്ട നിയന്ത്രണാധികാരി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

Signed by
Abdul Nasar B
Date: 23-11-2024 13:16:50

ABDUL NASAR.B IAS
DIRECTOR OF FISHERIES

To

1. ഫിഷറീസ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും
2. എല്ലാ സബ് ഓഫീസ് ജീവനക്കാർക്കും

പകർപ്പ് : ഫിഷറീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി